# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1258 04.02.2019 ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്കായി പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കായി സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; | (എ) | പ്രഖ്യാപിച്ചിരുന്നു. |
| (ബി) | എത്ര കോടിരൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കെ കാര്യങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) & (സി) & (ഡി) | ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17-ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള പ്രത്യേക ധനസഹായമായി വകയിരുത്തിയിട്ടുള്ള 40 കോടി രൂപ ഈ പാക്കേജിന്റെ നടത്തിപ്പിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 05.01.2019-ന് വീണ്ടും യോഗം ചേർന്ന് ടി പാക്കേജിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയം അവലോകനം ചെയ്യുകയും ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ച് വരികയുമാണ്. |
| (സി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | | |
| (ഡി) | മുന്നൂറോളം സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും, അവിടത്തെ അദ്ധ്യാപകർക്കും പ്രയോജനപ്രദമായ പാക്കേജ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 1) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ആരോഗ്യ വകുപ്പിലേയും വിദ്യാഭ്യാസ വകുപ്പിലേയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ടീം സന്ദർശിച്ച് കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകരുടെ എണ്ണം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയവ വിലയിരുത്തിയ ശേഷം A, B, C എന്നീ മൂന്ന് ഗ്രേഡുകളായി തരം തിരിക്കൽ.<br>2) A ഗ്രേഡ് സ്കൂളുകൾക്ക് 83,05,200/- രൂപയും, B ഗ്രേഡ് സ്കൂളുകൾക്ക് 51,55,200/- രൂപയും, C ഗ്രേഡ് സ്കൂളുകൾക്ക് 19,47,600/- രൂപയും പ്രതിവർഷം ഗ്രാന്റായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>3) തിരുവനന്തപുരം, പാങ്ങാപ്പാറയിലുള്ള സി.എച്ച് മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുള്ള പരിശീലന കേന്ദ്രമായും സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രമായും ആക്കി മാറ്റുന്നത് |

സെക്ഷൻ ഓഫീസർ